1986

നമ്മളൊന്നു്

ഗാനങ്ങളും സംഗീതശില്പങ്ങളും



ശാസ്ത്ര സാംസ്കാരിക ജാഥ '86

നമ്മളൊന്ന്

ഗാനങ്ങളും സംഗീതശില്പങ്ങളും

പ്രസാധനം, വിതരണം;

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, തൃശ്ശൂർ—2.

അച്ചടി: മംഗളോദയം, തൃശ്ശൂർ—4.

വില: ഒരു രൂപ.

KSSP SSJ 1/86 Cr./8 1/15,000

—നമ്മളൊന്ന്—

നരേററർ: കഴിഞ്ഞ രണ്ടു വ്യാഴവട്ടക്കാലമായി കേരളശാസ്ത്രസാഹിത്യ പരിഷത്ത് ശാസ്ത്രത്തെ സാമൂഹ്യവിപ്ലവത്തിനുള്ള മഹത്തായ ആയുധമാക്കി വീണ്ടെടുക്കാനുള്ള പോരാട്ടം തുടന്നുകൊണ്ടിരിക്കുകയാണു്. നാട്ടിൻെറ വിവിധകോണുകളിൽ ഈ ആഹ്വാനത്തിൻെറ ശക്തിയും പ്രസക്തിയും മാറെറാലിക്കൊള്ളുകയാണു്.

(സംഘം) പതിയെ, യെങ്ങുമെങ്ങുമതി—
ന്നനുരണനങ്ങളും
പതിയെ, യെങ്ങുമെങ്ങുമതിൻ
പ്രതിഫലനങ്ങളും
നെഞ്ചുയർത്തി, യിന്ത്യയിൽ
നമുക്കു പാടുവാനൊരൊററ
സംഘഗാനം

നരേററർ: ഇന്ത്യയിലെങ്ങുമുള്ള നാനാഭാഷകളിൽ സംസാരിക്കുന്ന ഭിന്നജനസമൂഹങ്ങളെ മുഴുവൻ ഒരു ചരടിൽ കോർത്തുപോലെ ബന്ധിപ്പിക്കുന്ന ഒരു മോചനഗീതമായി ഈ സന്ദേശം പതിയെ മാറിത്തുടങ്ങുകയായി.

ചോരയും, വിയർപ്പും, അക്ഷരവും, കുഴച്ചെടുത്ത് തൻെറ സംസ്കാരമുണ്ടാക്കിയ മലയാളിയുടെ കണ്ഠത്തിൽനിന്നും ആദ്യം ഈ സിംഹഗർജ്ജനമുയന്നു.

**

(സംഘം) ''എതിരുകളോടേററുമുട്ടി–
യേററുമുട്ടി, യവനവൻെറ
പ്രതിരോധം പലകാലം
കൊണ്ടു വളർത്തി
ഇരുളടഞ്ഞ ഭൂതകാല
ഗഹ്വരത്തിൽ നിന്നുമവൻ
അറിവുകളുടെ പുതിയ
വെട്ടമെങ്ങുമുയർത്തി''

(സംഘം ഗുജറാത്തി നാടോടി നൃത്തംചെയ്യുന്നു)

ജാഗാരെ ജാഗാരെ
ജാഗാ ജരാ സൻസാർ
അരെ
ജാഗാരെ ജാഗാരെ
ജാഗാ ജരാ സൻസാർ

നരേറർ: മേലാളൻെറ വരുതിയ്ക്കു് വഴങ്ങാത്തവനെ ഹരിജൻ എന്ന ഓമനപ്പേരിട്ടു് കിഴങ്ങു് ചുടുന്നതു പോലെ ചുട്ടുകൊല്ലുന്ന, ഗാന്ധിയുടെ ജന്മനാട്ടിൽ, ഗുജറാത്തിൽനിന്നും കത്തിയെരിയുന്ന മാംസത്തിൻെറ രൂക്ഷഗന്ധത്തിനു നടുവിൽനിന്നും മാനവികതയുടെ ഈ നിതാന്തസുഗന്ധം പൂത്തുലഞ്ഞു.

ലഡ് ലഡായി തക്‌ലിവോഥി
യുഗ് യുഗോഥി ലഡ്തെ ആവേ്യാം
യെലിഥെ വികാസ്നെ
ഇതിഹാസ് ഥയോം
ഭൂതകാൽ നി അന്ധാരി
ഗുഫാഓഥി മാനവീയ്
സത്യ് ജഗ്ഹ് ഗ്യാൻ
ജ്യോതി നവീ ജഗാവി

ജവാബ് ചൊ ആ
ജവാബ് ചൊ

5A (സംഘം—ആക്ഷൻ തുടന്ന് തമിഴ് നാടോടിനൃത്തം)

കത്തിരിക്കാ കൊത്തമല്ലീ
കീരയോടവേ
കൊത്തുസെബാ പച്ചർശീ
സോറു കേക്കലെ
നെത്തലി മീന് കൊഴമ്പ് വച്ച
നെയ് മണത്തിലെ
കൊത്തുകറി കോഴിയോടെ
വിറുന്ത് കേക്കലെ
നാങ്ക കേട്ടതെല്ലാം
കമ്പം കൂഴ്, ആനാൽ
കെടച്ചതെല്ലാം കേപ്പക്കൂഴ്

നരേറ്റർ: തഞ്ചാവൂർ ചോളവയലുകളിലെ പാവപ്പെട്ട കൃഷിക്കാരനും മധുരയിലെ തുണിമിൽതൊഴിലാളിയും കോയമ്പത്തൂരിലെ ഘനവ്യവസായ തൊഴിലാളിയും വെള്ളിത്തിരയിലെ നിഴലുകളിൽ കുരുങ്ങിജീവിക്കുന്ന തമിഴകത്തിൻെറ ദുഃഖം മുഴവൻ നെഞ്ചിലുറക്കി അതേററുപാടി.

(6) (സംഘം ആക്ഷൻ)

യുഗ യുഗമായ് ഇയർക്കയോട്ട്
മുട്ടിമോതി സണ്ടയിട്ട്
അഴിയാമൽ സ്വയവലത്താൽ
ഉയർന്ത് നിൻറ്
ഇരുളടൈന്ത പഴങ്കാല
ഗുഹയിരുന്ത് വെളിയേറി
അറിവെണ്ണും ഒളിപ്പന്തം

ഏററ് പിടിത്താർ
ഒൻറു താൻ ബദിൽ ഒൻറു താൻ

(സംഘം ഹിന്ദി നാടോടി നൃത്തംചെയ്യുന്നു)

അര ജ്ഞൽമുക്കാ ജമാനാ
ബീത്തേഗാ ബീത്തേഗാ
ഔർ ജ്ഞൽമുക്കാ ജമാനാ
ബീത്തേഗാ ബീത്തേഗാ

നരേറ്റർ: ജാതിയും മതവും ഗോത്രവും ഇഴപിരിച്ച് വികലമാക്കിയ വടക്കെ ഇന്ത്യയുടെ രക്തഗന്ധമുള്ള മണ്ണിൽനിന്നും ഒരു സാന്ത്വനംപോലെ, ചൂണ്ടപലകപോലെ ഹൃദയസംഗീതത്തിൻെറ തഴകുന്ന ഈ കൈകളുയരുന്നു.

(സംഘം ആക്ഷൻ)

യുഗ് സെ
ലഡ് ലഡായി തഖ്ലിഫോംസെ
യുഗ് യുഗോം സെ
ലഡ്തെ ആയി കിസി തരഹ്സെ
ഹുവ വികാസ് ബന ഇതിഹാസ്
ഭൂതകാൽ കി അന്ധേരി
ഗോഹോം സെ ഉസ്നെ
സഭീ ജഗ്ഹ് ഗ്യാൻ ജ്യോതി
ഉസ്നെ ബഡായി
ജവാബ് ഹെ യഹി ജവാബ് ഹെ

നരേറ്റർ: വാടകസന്യാസിമാർ മന്ത്രംചൊല്ലി മഴ പെയ്യിക്കാൻ ഒരു ജനതയുടെ മുഴവൻ കണ്ണുകെട്ടുന്ന കർണ്ണാടകത്തിൻെറ ഉപവനങ്ങളിൽനിന്നും സത്യത്തിൻെറ ഈ നക്ഷത്രവെളിച്ചം ആകാശങ്ങളിലുയരുന്നു.

(സംഘം കന്നട നാടോടി നൃത്തംചെയ്യുന്നു)

ഒരു കൊടി എട്ടുത്തു പോട്ടാലും
ഓരായിരം ബാവുക്കാ
ആശനിക്കാ പൂസനിക്കാ
ഗാവേ നഗാ

(ആക്ഷൻ)

കഷ്ടകളോടെ ഹോറാടി സെനസാടി
യുഗയുഗദെ
താഴ്മയിന്ത താനതന്ത
ഇതിഹാസവ കട്ടികൊണ്ടന്ദ
ഗതകാലദ കത്തലിന
ഗുഹകളൊള ഗി
നിന്ത ഹൊസത്തു
നാന ബളഗ നെത്തി–
യെത്തി, യെത്തി ഹിടിതന്ദ
ഉത്തരാ അതിനൊൻറേ ഉത്തരാ...

നരേറ്റർ: തെലുങ്കാനയുടെ ചെറുത്തുനില്പും ശ്രീകാകുളത്തിൻെറ പൗരുഷവും ഈ പുതിയ തുയിലുണത്ത് തുടികൊട്ടിപ്പാടി.

(സംഘം തെലുങ്ക് നാടോടി നൃത്തംചെയ്യുന്നു)

ലാലാലെ ലാലാലെ
ലാലാലെ ലും ലാ

(ആക്ഷൻ മാറുന്നു)

റഗ് റഗാല കഷ്ടാലന
യെതിരിഞ്ചി യെതിരിഞ്ചി
യുഗ യുഗാലു ഗാത്താനെയ്
നിർമ്മിഞ്ചന ഈ ശക്തി
തറതറാല ചീകട്ട്ലന

ചേദിഞ്ചി തനിമികൊട്ടി
നാനദീവി കലന മനക്ള
പ്രസാദിഞ്ചി നാട്ട
ജവാബ്യ അതി ഒക്കെ ജവാബ്യ

നരേററർ: അതേ, ഞങ്ങരം ചരിത്രത്തിൻെറ ഭിന്നഭാഷകളിൽനിന്നും ആഴങ്ങളിൽനിന്നും ഒരു ചോദ്യം, ഒരു ചോദ്യം നിങ്ങളുടെ മുഖത്തേക്കു് വലിച്ചെറിയുന്നു....

ഈ ഭൂമിയിലെ സവ്വസൗന്ദര്യങ്ങളും സൃഷ്ടിച്ചതാരു്?

(സംഘം ഒത്തുപാടുന്നു—ആക്ഷൻ)

ഉത്തരം അതിനൊററയുത്തരം
അദ്ധ്വാനിക്കുന്ന മനുഷ്യൻ
ചരിത്രത്തിൻ ചക്രംതിരിച്ച മനുഷ്യൻ
ഉത്തരം അതിനൊററയുത്തരം

(സംഘം നീങ്ങി മറയുന്നു)

ഭൂതവിളയാട്ടം

i

തികിതികിത തിത്തെയ്യോം തികിതികിത തിത്തെയ്യോം
തികിതികിത തിത്തെയ്യോം തിത്തിത്തെയ്യോം
ഭൂതംവരുന്നേ ഭൂതംവരുന്നേ
ഭൂമിയ്ക്കടിക്കുന്ന ഭൂതംവരുന്നേ
പടിഞ്ഞാറൻ ദിക്കീന്നു ഭൂതംവരുന്നേ
പള പള മിന്നുന്ന ഭൂതംവരുന്നേ
ജപ്പാനിലെ മർത്ത്യരെ ചുട്ടുകരിച്ച
ഭസ്മവും പൂശി വരുന്നേ വരുന്നേ
പടവെട്ടി വിയററ്നാം മക്കടെ ചുടുചോര
കുടൽ വാരിമാറത്തണിഞ്ഞു് വരുന്നേ
മാനവലോകത്തിൻറാകാശക്കോടാലി
ആണവ യുദ്ധക്കൊതിയൻ വരുന്നേ
ലോകസമാധാന ത്തുവെള്ളപ്രാവിനെ
ക്രൂരമെയ്യുന്ന കിരാതൻ വരുന്നേ
ചതിയേറും ഭൂതങ്ങളായുധംവിൽക്കുവാൻ
മുതലാളിമാരായ് വരുന്നേ വരുന്നേ

ii

തോതിന്തോ തിന്തിമിതിന്തോ തെയ്യതിമിന്താരോ
തോതിന്തോ തിന്തിമിതിന്തോ തെയ്യതിമിന്താരോ
ഉലകെല്ലാം ഞെട്ടിവിറപ്പിച്ചടയവരീ ഞങ്ങടെ
പറയുന്നതു കേട്ടോ മർത്ത്യപ്പുഴുവേവനുമിവിടെ

ഞൊടിയിടയിൽ ചുട്ടുകരിക്കും ഭൂലോകം മുഴുവൻ
നരകീടങ്ങളെ യെതിരുണ്ടേൽ, വാ, പൊരുതാമുടനേ

iii

നിർത്തടാ നിർത്തടാ നീതിയല്ലിത്തൊഴിൽ
മർത്ത്യലോകത്തെ മുടിയ്ക്കുവാനാരെടാ
ലോകമടക്കിയിരുന്ന ബ്രിട്ടീഷ്പവൻ
പോയി നീഡോളറോ പോ പേപിശാചേ നീ
ഏഴാം പടക്കപ്പൽ കൊണ്ടുവന്നിന്ത്യയോ
ടായോധനത്തിനു കോപ്പിട്ട കശ്മലാ
രാസപരീക്ഷണം ഭോപ്പാലിൽ ചെയ്തുനീ
ഭാരതമക്കളെ കൊന്നൊടുക്കീലയോ
ബഹുരാഷ്ട്രക്കോട്ടകാം കെട്ടിയീ ലോകത്തിൻ
വിരിമാറിൽ തിറയാട്ടമാടുന്ന ഭൂതമേ
ലോകം മുടിയ്ക്കുവാൻ കോപ്പിട്ട നിന്നോട്
ചോദിക്കുന്നീ ജനകോടികളീ ഞങ്ങൾ

iv

ആരുടെധ്വാനമാണീ ആയുധപ്പുര
ആരുടെധ്വാനമാണായുധങ്ങൾ?
ആരിതു കണ്ടുപിടിച്ചൂ, ധനമിതി–
നാരുടെ കയ്യിൽ നിന്നാരുവാങ്ങി?
ആരുടെ നേർക്കാണീയായുധം ചെല്ലുന്ന–
താരാണെടുക്കുന്നതായുധങ്ങൾ?
ആരുടെ തോന്നലിനാരു ചലിയ്ക്കണം
ആരായുവിൻ നിത്യദ:ഖിതരേ?
അദ്ധ്വാനം ചെയ്യും അവശരേ
ആഗോളയുദ്ധക്കൊതിയരേ നേരിടുവിൻ
ഒത്തുപിടിച്ചുതുറുങ്കിലടയ്ക്കുവിൻ
മർത്ത്യലോകത്തെ രക്ഷിച്ചിടുവിൻ ...

അരുതത്, വിശ്വസിക്കരുതത്

(വയലാർ രാമവർമ്മയുടെ 'കഴുമരത്തിന്റെ കഥ"
എന്ന കവിതയോട് കടപ്പാട്)

കടലിനും മലകൾക്കും അകലെനിന്നകള്ള
ക്കഴുകന്മാർ ചിറകടിച്ചെത്തി
കുരുമുളകുമേലവും മലകളിൽ മരതക-
ക്കുടനീർത്തും നാട്ടിലേയ്ക്കെത്തി
വെയിലുകൾ ചോരാത്ത ചന്ദനക്കാടുകൾ
ക്കുയരത്തിൽ വട്ടമിട്ടെത്തി
മെയ്യാകെ വററാത്ത വേർപ്പുമായ്, വിഭവങ്ങൾ
നെയ്യും കൃഷിക്കാർ തൻനാട്ടിൽ
കഴുകന്മാരൊളി കണ്ണിട്ടൊളികണ്ണിട്ടങ്ങനെ
കടലുകൾക്കകലെ നിന്നെത്തി
കടലുകൾക്കകലെ നിന്നെത്തി

കടലുകൾക്കകലെ നിന്നെത്തിയ സാമ്രാജ്യ-
ക്കഴുകന്മാരീ നല്ലമണ്ണിൽ
ചോരക്കൊതി പൂട്ടിയോരവരുടെയധികാര
ത്തേരിന്റെ ചക്രമുരുട്ടീ

ഒഴുകിയെതിർത്തുയരുന്ന ശക്തിതടയുവാൻ
കഴുകന്മാർ കഴുമരം നാട്ടീ
ചിറകിട്ടടിച്ചാക്കഴുകുകൾ നാടിന്റെ
ചിറയും വരമ്പും തകർത്തു

അലരിട്ടം മണ്ണിൻ കിനാവുകളെത്രയും
അവമാന്തിമാന്തിപ്പറിച്ചു

അധികാരി സായിപ്പിൻ കുതിരക്കുളമ്പടി
പതിവായിപ്പണിയുന്ന മണ്ണിൽ
അലയാഴി ഗജ്ജിക്കെ ചോരത്തടത്തിലാ
ബലിപീഠമാദ്യമുയർന്നൂ
അലറിപ്പടർന്നിതാ രക്തത്തിൽനിന്നുയർ—
ന്നലയാത്ത വിപ്ലവജ്വാല

ലഹളയായ്; ഇന്ത്യാചരിത്രത്തിൽ ശിപ്പായി
ലഹളയായ് സ്ഥാനം പിടിച്ചു

പടയുടെ, കഴകന്മാർക്കെതിരായ മോചന
പ്പടയുടെ കോട്ടകൾ പൊങ്ങി
തുടരെത്തുടരെ പ്പടനയിച്ചോരുടെ
പടഹത്തിൻ മാറെറാലിപൊങ്ങി....

മലബാറിൽ, കയ്യൂരിൽ, ജാലിയൻ വാലയിൽ
വയലാറിൽ അജ്ഞാതധീരർ
ഹൃദയനിണം തളി; ച്ചുഗ്രമാം സാമ്രാജ്യ—
ക്കുതിരയോട്ടത്തെത്തുലച്ചാൻ
അവരുടെ ഗജ്ജനങ്ങൾ കേട്ടസായ്പിൻെറ
അധികാര ദുർഗ്ഗം പിളന്നു....

കഴൽനക്കിച്ചുണകെട്ട നാവുകൾ ശബ്ദിച്ചു
''മുഴവനും സ്വാതന്ത്ര്യമായി''

അരുതതു്, വിശ്വസിക്കരുതതു് വഞ്ചന—
ക്കൂടിയറ നിൽക്കുമോ നിങ്ങൾ?

പുലരികൾ പുലരുന്ന കണ്ടുവോ, നാടിൻെറ
വിളവുകൾ കണ്ണീരിൽ മുക്കി
പുഴകളിൽ പതയുന്ന വിഷജലം, വായുവിൽ

പടരുന്ന വിഷവാതകങ്ങൾ
അതു ശ്വസിച്ചവസാനശ്വാസം വലിച്ചവർ
പതിനായിരങ്ങൾ പുഴക്കൾ

അരമനപ്പാതകൾതോറും തളൻവീ—
ണടിയുന്ന തെണ്ടികളിന്നും
തരുണിതൻ മാംസം മസാലചേർക്കാതെയീ
കവലയിൽ പങ്കുവെയ്ക്കുന്ന
ഒരിറക്കു പാലില്ലാതമ്മതൻ മുലചപ്പി
ക്കരയുന്ന പൈതലുണ്ടിന്നും
ബയണററും ലാത്തിയും നീട്ടുന്ന നിർഭയ
മുയരെക്കിരീടങ്ങളിന്നും
രണനാദകാരിയാം മാനവസ്വാതന്ത്ര്യ
നിണഞ്ഞരമ്പൊന്നു തുടിച്ചാൽ
തടവറയ്ക്കുള്ളിൽ അവയെപ്പിടിച്ചിട്ട്
തകരാറിലാക്കുന്നുണ്ടിന്നും
ഇതുപോലെ കോടിദുർഗ്ഗതികേടുകൾക്കെല്ലാ—
മെതിരായി നീങ്ങിയോർ ഞങ്ങൾ

തുടരൂ സഖാക്കളേ
കാലിൽ കിലുങ്ങുന്ന തുടലുകൾ
നോക്കുക നിങ്ങൾ
തുടരുക, സ്വാതന്ത്ര്യമതിനായിപ്പുതിയൊരു
പതറാത്ത, തളരാത്ത, യുദ്ധം

അടുത്ത ഇടം പാർക്കലാം

നാടുവാഴിയും കൂട്ടരും അരങ്ങൊരുക്കി ആരെയോ കാത്തുനിൽക്കുന്നു. അപ്പോഗം വിളംബരം

''രാജാധിരാജൻ രാജമാർത്താണ്ഡൻ രാജഗംഭീരൻ തായ്'വഴി കൊച്ചുതമ്പുരാൻ ഇളവരശ്' തിരു മനസ്സുകൊണ്ട്' നമ്മുടെ നാട്' സന്ദർശിക്കുന്നതി നായി എഴുന്നള്ളുന്നു—''

(തിരുമനസ്സ്' എഴുന്നള്ളുന്നു. നാടുവാഴിയും കൂട്ടരും തിരുമനസ്സിനെ ഓരോ ഇടങ്ങളും കാണിച്ചുകൊടുത്ത്' തിരികെ വേദിയിലാനയിച്ച്' ഉപവിഷ്ടനാക്കുന്നു.)

രാജാവ്': നാടുവാഴികളേ ഉങ്കളുക്കെല്ലാം സൗഖ്യമാ?

നാടുവാഴി: മനസ്സിലായില്ലേ? അദ്ദേഹം ചോദിച്ചത്' നിങ്ങരാക്കൊക്കെ സുഖംതന്നെയല്ലേ എന്നാണ്'. എന്തു ചോദിച്ചാലും ആമാ എന്നുമാത്രം പറഞ്ഞാൽ മതി.

അനുചരന്മാർ: ആമാ—ആമാ

വിളംബരം: തായ്'വഴികൊച്ചുതമ്പുരാനും നാടുവാഴി ത്തമ്പുരാക്കളും പരിവാരങ്ങളും പാട്ടുകളത്തിൽ എഴുന്ന ള്ളിയിരിക്കുന്നു. ഗ്രാമവാസികളെല്ലാം അവിടെയെ ത്തണം.

(ഗ്രാമീണസംഘം വരുന്നു.)

രാജാവ്': നാട്ടുമക്കളേ, ഉങ്കളുക്കെല്ലാം സൗഖ്യമല്ലവാ? നാൻ അരശാങ്കമായിരിക്കുമ്പോത്' യാരുമേ സങ്കട പ്പെടക്കൂടാത്'—ഏതാവത്' ഇരുന്താ ശൊല്ലലാം

നാട്ടവാഴി: നിങ്ങളുടെ നാട്ടിൽ കാലാകാലങ്ങളിൽ മഴ പെയ്യുന്നില്ലേ എന്നാണ് അദ്ദേഹം ചോദിച്ചത്.

ഗ്രാമ: ഇല്ലേ .. വല്ലപ്പോഴുമൊക്കെ ഒന്നുചാറുകമാത്രമേ യൊള്ളേ

നാട്ട: ഇളവരശൻ കിറുവയാൽ നാടേ മാറിപ്പോയിട്ടേൻ ഇന്തമാന ഒരു വാഴ്വൈ ഇതുക്കു മുന്നാടി കിടത്തതേ യില്ലൈ—അപ്പടി ശൊൽകിറാൻ.

ഗ്രാമ: ഇനിയും ഉങ്കളുക്കു് ഏതാവതു് ഉതവി തേവൈയി രുന്താൽ കേക്കലാം.

നാട്ട: നിങ്ങൾക്ക് കൊതുകിൻെറ ശല്യം അനുഭവപ്പെടു ന്നുണ്ടോ—കൊതുകുവലവേണോ എന്നാണ് അദ്ദേഹം ചോദിച്ചത്

ഗ്രാമ: അയ്യോ—കൊതുകുവലയൊന്നും വേണ്ട പട്ടിണിയും ദാരിദ്ര്യവും രോഗവുംകൊണ്ടു് വലയുന്ന ഞങ്ങൾക്ക് അതിനുള്ള ഒരു പ്രതിവിധി ഉണ്ടാക്കിതന്നാൽ മതിയേ—

നാട്ട: നാട്ടുമക്കളുക്കു് ഉങ്കൾ ഉതവിയാൽ ഒരു മായ ക്കണ്ണാടി കിടൈത്താൽ പോതും എൻറ് ശൊൽ റേൻ

രാജ: അതുക്കു് കവലയില്ലൈ....

അനു: അയ്യോ ഉണ്ടേ ഇവിടന്നു് ഒരുനാഴിക കിഴക്കോട്ടു പോയാൽ ഒരു കവലയുണ്ടേ—(നാട്ടവാഴി തടയുന്നു)

രാജാ: യാരെടാ അയോഗ്യപ്പയലേ....ഏമാത്ത്റ°ത്തു്?

നാട്ട: ഇളവരശൻ കോപിക്കവേണ്ടാം....മന്നിച്ചിടുങ്കോ

രാജാ: പോഹട്ടും—ഇന്ത ഊരുക്കു് ഒരു മായക്കണ്ണാടി മട്ടു മല്ലൈ ഈ നാട്ടുമക്കളുടയ വേലൈ കുറയ്ക്കുവതു്ക്കു് ഒരു യന്ത്രമനിതനൈക്കൂടി കൊടുക്കലാം

നാട്: പ്രജകളേ, നിങ്ങാംക്ക് ഒരു മായക്കണ്ണാടി മാത്ര മല്ല നിങ്ങളുടെ പണികുറക്കുന്നതിനായി ഒരു യന്ത്ര മനുഷ്യനെക്കൂടി നിങ്ങാംക്കു തരുന്നതാണെന്നാണ് അദ്ദേഹം പറഞ്ഞതു്. അദ്ദേഹത്തെ സന്തോഷിപ്പി ക്കാൻ ഒരു പാട്ടോ കളിയോ നടത്തിക്കൂടേ—

ഗ്രാമ: എന്തുവേണമെങ്കിലും ആകാമേ, ഞങ്ങളുടെ ഈ കഷ്ടപ്പാട്ട് ഒന്നവസാനിച്ചുകിട്ടിയാൽ മതിയായി രുന്നേ....

നാട്: തിരുമുമ്പില്ല് ഒരു നാട്യം നടത്തുവതുക്ക് സന്ദർഭം കിടയ്ക്കുമാ എൻറ് അവർ കേക്കിറേൻ

രാജാ: റൊമ്പ സന്തോഷം

നാട്: എങ്കിൽ തുടങ്ങിക്കൊള്ളൂ

ഗ്രാമ: തന്നാനാനൈ താനൈ തന്നെന്നാ
തന തന്നിന താനിന തന്നാനാനൈ താനൈ
തന്നന്നാ (1)

ഭാരതമാതാവിൻ വാർമുടിയിൽ ചൂടും
പാരിജാതമായ്
കേരളത്തെക്കാണുന്നു കവികാം
സമ്പൽസമൃദ്ധമാമീ നാട്ടിൽ ജനകോടികാം ദാരിദ്ര്യ
ക്കൊമ്പത്തൊക്കെയിരിക്കുന്നു കുടിലിൽ
(തന്നാനാനൈ)

തന്നാനാനൈ തന്നാനാന്നൈ തന്നനാനൈ
താനിന തന്നാനൈ താനിത താനിന
തന്നനാനൈ (2)

കാടുമുടിച്ചേ നാടുമുടിച്ചേ ആകെയെടുത്തേ—ചിലരുടെ
വീടെല്ലാം മോടിപിടിച്ചേ നാശമടുത്തേ

കൈക്കൂലിക്കാരിവിടെ വളർന്നേ കപ്പമെടുത്തേ–
രാജ്യത്തുദ്യോഗസ്ഥന്മാരുടെ ദുർഭരണം മൂത്തേ!
തന്നാനാനൈ....

തന്നാനാനൈ (1)
വേലചെയ്‌വാൻ വേദിയില്ലിവിടെ വെറും
കയ്യുമായ്‌ പട്ടിണി–
ക്കാരോ നാളുകൾതോറും കൂടുന്നു
നാട്ടിൽ വ്യവസായങ്ങളില്ലാ, മററുസ്റ്റേററിനു
വൈദ്യുതി നീട്ടുന്നു വിഭവങ്ങൾ നൽകുന്നു
തന്നാനാനൈ (1)

തന്നാനാനൈ (2)
ഉള്ളവർ വീണ്ടും ഉള്ളവരായി കൊള്ളയടിച്ചേ
ഇവിടെ കള്ളക്കച്ചോടക്കാരുടെ പള്ളനിറച്ചേ
കർഷകരിവിടെ കണ്ണീരിൽ കഴിവററുനശിച്ചേ
വികസനമല്പം ചിലകൈകളിലായി ചെന്നലയിച്ചേ
തന്നാനാനൈ (2)

തന്നാനാനൈ (1)
അക്ഷരമറിഞ്ഞീടാത്തവരായ്‌ ലക്ഷലക്ഷങ്ങളന്ധത
വച്ചുജീവിതം പാഴാക്കീടുന്നു
എന്നുമെന്നും കുന്നുകൂടുന്നു വിഭവം ചിലേടങ്ങളിൽ
തന്നെ ഇന്നും വന്നുനില്ക്കുന്നു
അയ്യയ്യോ അധികാരമോഹികൾ ജനായത്തത്തിലെ
ചില
കയ്യാംകളി കാണുന്നില്ലെന്നോ?

കളിമുറുകുമ്പോൾ രാജാവു് ക്ഷുഭിതനായി ചാടി
യെഴുന്നേൽക്കുന്നു.

രാജാ: മലയാളത്തിൽ ആടിനാലും പാടിനാലും എനക്കും
കൊഞ്ചം കൊഞ്ചം പുരികിറ്തു്....എമതു് ഭരണ

ത്തെ ഏമാത്ത്റ്ത പാട്ടും കൂത്തും....ഇന്തപാട്ടിൻ്റ നിജമാന അത്ഥം എനക്കു് തെരിയണം....ഇല്ലാ വിട്ടാൽ യാരൈയും വിടക്കൂടാത്.....എന്നൈ ഏമാത്തി വിട്ടവത്ക്കാ ഭാവം....?പൊറുക്കവേയി ല്ലൈയ്.

നാട്ടവാഴിക്കും കൂട്ടത്തിനും നേർക്കുചാടുന്നു, കലഹം അതിൻെറ മൂദ്ധന്യത്തിൽ ഭയന്നു് ഗ്രാമവാസികാം ഓടിരക്ഷപ്പെടുന്നു. അതുകണ്ടു് രംഗം ശാന്തമാകുന്നു.

രാജാ: നന്നായി നമ്മുടെ അഭിനയം. കഴുതകാം കടന്നു കളഞ്ഞു. ഇനി നമുക്കു് അടുത്ത ഗ്രാമത്തിലേക്കു് പോകാം.

നാടു: അപ്പടിശൊല്ലക്കൂടാത്....

രാജാ: ആമാ: ഇനി അടുത്ത ഇടം പാർക്കലാം....

(ചിരി—പൊട്ടിച്ചിരി....പോകുന്നു)

ശാസ്ത്ര സാംസ്കാരിക ജാഥയിലവതരിപ്പിക്കുന്ന ഗാനങ്ങളും സംഗീതശില്പങ്ങളും നാടകങ്ങളുമാണ് ഇതിൽ ഉള്ളത്. സമൂഹത്തോട് പ്രതിബദ്ധതയില്ലാത്ത സാഹിത്യകാരന്മാരുടെ ആത്മാവിഷ്കാരങ്ങളല്ല ഇവ. ശാസ്ത്രസാഹിത്യ പരിഷത്തിന് ജനങ്ങളുമായി പല അനുഭവങ്ങളും പങ്കിടാനുണ്ട്. അവരോട് പലതും പറയാനുണ്ട്. അതിനായി ഉപയോഗിക്കുന്ന മാധ്യമങ്ങളിലൊന്നാണ് ശാസ്ത്ര സാംസ്കാരികജാഥ.

ഈ പരിപാടിയുടെ എല്ലാ ഘട്ടത്തിലും സഹകരിക്കുകയും സഹായിക്കുകയുംചെയ്ത മുഴുവൻ പേരോടും കൃതജ്ഞത രേഖപ്പെടുത്താൻ ഈ അവസരം ഉപയോഗിക്കട്ടെ.

—കേരള ശാസ്ത്രസാഹിത്യ പരിഷത്ത്.

ശാസ്ത്ര സാംസ്കാരിക ജാഥ – 1986

നവംബർ–7 — ഡിസംബർ–7

ചെറുശ്ശേരി മുതൽ (പള്ളിക്കുന്ന്–കണ്ണൂർ) — തുഞ്ചൻ വരെ (തിരൂർ–മലപ്പുറം)

ഗുരുവായൂർ മുതൽ (തൃശ്ശൂർ) — വൈക്കം വരെ (കോട്ടയം)

മണ്ണടി മുതൽ (പത്തനംതിട്ട) — വയലാർ വരെ (ആലപ്പുഴ)

ശാസ്ത്രം സാമൂഹ്യവിപ്ലവത്തിന്



കേരള ശാസ്ത്രസാഹിത്യ പരിഷത്ത്